# കോവിഡ് 19 കോട്ടയത്ത് ആദിവാസി മേഖലയിലെ അഗതികൾക്കും വയോജനങ്ങൾക്കും പ്രത്യേക കരുതൽ

കോവിഡ് 19 രോഗപ്രതിരോധത്തിന്റെ ഭാഗമായി ലോക്ക് ഡൗൺ പിന്തുടർന്ന് വരുന്ന ഈ കാലത്ത് കോട്ടയം ജില്ലയിലെ ആദിവാസി ഊരുകളിലെ വയോജനങ്ങളിലും അഗതികളിലും പ്രത്യേക ശ്രദ്ധപതിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ് ജില്ലാമിഷൻ. 3 ആദിവാസി ഊരുകളിൽ അതത് പഞ്ചായത്തുകളുമായി സഹകരിച്ച് കുടുംബശ്രീ സമൂഹ അടുക്കളകൾ പ്രവർത്തിപ്പിക്കുന്നു. ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്കും അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും ഈ സമൂഹ അടുക്കളകളിൽ നിന്നുള്ള ഭക്ഷണപ്പൊതികൾ നേരിട്ട് എത്തിച്ച് നൽകി അവർ വിശന്നിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയാണ് കോട്ടയം ജില്ലാ മിഷൻ. മാർച്ച് 30 മുതലാണ് ഈ പ്രവർത്തനം ആരംഭിച്ചത്.

കോട്ടയം ജില്ലയിൽ ആകെ 115 പട്ടികവർഗ്ഗ ഊരുകളാണുള്ളത്. ഇതിൽ 4658 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. 18,969 ആദിവാസികളാണ് ജില്ലയിൽ ആകെയുള്ളത്. ഇത്രയും ഊരുകളിലായി 152 ആദിവാസി അയൽക്കൂട്ടങ്ങളുണ്ട്. 1826 കുടുംബങ്ങൾ ഈ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളുമാണ്.

തലനാട് മേലടുക്കം, എരുമേലി മുക്കൂട്ടുതറ, കോരുത്തോട് എന്നിവിടങ്ങളിലെ ആദിവാസി മേഖലയിലാണ് മൂന്ന് കമ്മ്യൂണിറ്റി കിച്ചണുകൾ പ്രവർത്തിക്കുന്നത്. മേലടുക്കത്ത് ഏഴ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥിരമായി ഭക്ഷണം നൽകുന്നു. ഇതിന് പുറമേ ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുള്ള 4 വീടുകളിലേക്കും അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 3 കുടുംബങ്ങളിലേക്കും സ്ഥിരമായി ഭക്ഷണം എത്തിച്ച് നൽകുന്നു. എരുമേലി മുക്കൂട്ടുതറയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ വഴി എരുത്വാപ്പുഴ പട്ടികവർഗ്ഗ കോളനിയിലെ മൂന്ന് കുടുംബങ്ങൾക്ക്

സ്ഥിരമായി ഭക്ഷണം നൽകുന്നു. ഒറ്റയ്ക്ക് താമസിക്കുന്ന 2 വയോജനങ്ങൾക്കും അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട ഒരംഗത്തിനും ഭക്ഷണം വീടുകളിൽ എത്തിച്ച് നൽകുന്നു. അതേസമയം കോരുത്തോടുള്ള സമൂഹ അടുക്കള വഴിയും വയോജനങ്ങൾക്കും അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്കുമായി സ്ഥിരം ഭക്ഷണം വീടുകളിലെത്തിച്ച് നൽകുന്നു.